"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം - ഈരാറ്റുപേട്ട നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷെമീം.പി.എം. സമർപ്പിച്ച മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2407/2024/LSGD തീയതി,തിരുവനന്തപുരം, 09-12-2024

പരാമർശം:- തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.06.2024 തീയതിയിലെ LSGD/PD/45943/2023-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

ഈരാറ്റുപേട്ട നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷെമീം.പി.എം.-ന്റെ മാതാവിന്റെ ചികിത്സയ്ക്കായി കോട്ടയം ഭാരത് ഹോസ്പിറ്റലിൽ ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാളുടെ അപേക്ഷയിൽ അർഹമായ തുക അനുവദിച്ച് ഉത്തരവാകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ഈരാറ്റുപേട്ട നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷെമീം.പി.എം.-ന്റെ മാതാവിന്റെ ചികിത്സയ്ക്കായി കോട്ടയം ഭാരത് ഹോസ്പിറ്റലിൽ 05.07.2021 മുതൽ 10.07.2021 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ തുക(75,106/- രൂപ)യുടെ 80% തുകയായ ₹60,085/-(അറുപതിനായിരത്തി എൺപത്തി അഞ്ച് രൂപ മാത്രം) ടിയാൾക്ക് റീ ഇമ്പേഴ്സ്മെന്റായി നഗരസഭയുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ഈരാറ്റുപേട്ട നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. ഷെമീം.പി.എം, സീനിയർ ക്ലർക്ക്, ഈരാറ്റുപേട്ട നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ

മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 10-12-2024 10:17:57

സെക്ഷൻ ഓഫീസർ